**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111** **22-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ക്രമസമാധാനപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്രമസമാധാന നില തകരാറിലാണെന്ന മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ക്രമസമാധാന നില തകരാറിലാണെന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി ആകെ 18 ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) | കാപ്പ നിയമപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട് ; വിശദമാക്കാമോ; | (സി) | കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി കാപ്പ നിയമപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ 32 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം അക്രമപ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിനു വേണ്ടി നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നം. 34/2021/PHQ തീയതി 16.12.2021 പ്രകാരം Special Action Group Against Organized Crimes (SAGOC) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ സാമൂഹ്യ വിരുദ്ധരെ അമർച്ച ചെയ്യുന്നതിനു വേണ്ടി പോലീസ് സ്റ്റേഷൻ തലത്തിൽ Anti - Organized Crimes Cell (AOCC) പ്രവർത്തിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ വനിതാ പോലീസ് ഉൾപ്പെടെയുള്ള പോലീസ് പട്രോളിംഗ് തുടർച്ചയായി നടത്തിയും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെ റൗഡി ഹിസ്റ്ററി ഷീറ്റ് ആരംഭിച്ച് കർശന നിരീക്ഷണത്തിൽ നിർത്തിയും അത്തരം കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിച്ച് ടിയാൻമാരെ നിരീക്ഷിക്കാൻ ഓപ്പറേഷൻ കാവൽ എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയും സാമൂഹ്യ വിരുദ്ധരെ നിരന്തരം ചെക്ക് ചെയ്തും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ളവരെ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിച്ച് നല്ല നടപ്പിന് ജാമ്യത്തിൽ നിർത്തിയും കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം നടപടി സ്വീകരിക്കേണ്ട ഘട്ടത്തിൽ അത്തരം കുറ്റവാളികളെ കരുതൽ തടങ്കലിൽ പാർപ്പിച്ചു കൊണ്ടും ഒരു പ്രത്യേക പ്രദേശത്ത് അവരുടെ സഞ്ചലനം നിയന്ത്രിച്ചു കൊണ്ടും ഉണ്ടാ ആക്രമണങ്ങൾ തടയുന്നതിന് ക്രിയാത്മകവും ശക്തവുമായ നിയമനടപടികൾ ആണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ